**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ ലഭ്യതക്കുറവ് ലൈഫ് പദ്ധതിയുടെ നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (എ) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാ സത്തിനായി ഭൂമി കണ്ടെത്തുക എന്നത് ഏറെ ശ്രമകരമാണ്. ഭവനനിർമ്മാണത്തിന് അനുയോ ജ്യമായ ഭൂമിയുടെ ലഭ്യതക്കുറവാണ് ഇതിന് പ്രധാന കാരണം. ജനകീയ ക്യാമ്പയിനിലൂടെ ഇത് സാദ്ധ്യമാക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് സംസ്ഥാന സർക്കാർ ഭൂരഹിത ഭവനരഹിതരുടെ പുനരധി വാസത്തിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചാ യത്തിൽ ശ്രീ. സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ രണ്ടര ഏക്കർ ഭൂമിയിൽ 114 യൂണിറ്റുകളുള്ള ഭവനസമുച്ചയവും, എറണാകുളം ജില്ലയിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായ ത്തിൽ ശ്രീ. സമീർ പൂങ്കുഴി സൗജന്യ മായി നൽകിയ സ്ഥലത്ത് 24 യൂണിറ്റുകളുള്ള ഭവനസമുച്ചയ ത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ലൈഫ് മിഷൻ മുഖേന ഏറ്റെടുത്തിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായ ത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചാ യത്തിന്റെ സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചാ യത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമായി 100 വീടുകൾ, ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക് 318-എ എന്ന സംഘടന സൗജന്യമായി നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലഭ്യതയ്ക്കനുസരിച്ച് ചെറുതും വലുതുമായ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് കൂടുതൽ പേർക്ക് പാർപ്പിടം | (ബി) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാ സത്തിനായി ഭൂമി കണ്ടെത്തുക എന്നത് ഏറെ ശ്രമകരമാണ്. |

| | | | |
|---|---|---|---|
| | ഒരുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ; | | ഭവനനിർമ്മാണത്തിന് അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവാണ് ഇതിന് പ്രധാന കാരണം. ജനകീയ ക്യാമ്പയിനിലൂടെ ഇത് സാദ്ധ്യമാക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് സംസ്ഥാന സർക്കാർ ഭൂരഹിത ഭവനരഹിതരുടെ പുനരധി വാസത്തിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചാ യത്തിൽ ശ്രീ. സുകുമാരൻ വൈദ്യർ സൗജന്യമായി നൽകിയ രണ്ടര ഏക്കർ ഭൂമിയിൽ 114 യൂണിറ്റുകളുള്ള ഭവനസമുച്ചയവും, എറണാകുളം ജില്ലയിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായ ത്തിൽ ശ്രീ. സമീർ പൂങ്കുഴി സൗജന്യ മായി നൽകിയ സ്ഥലത്ത് 24 യൂണിറ്റുകളുള്ള ഭവനസമുച്ചയ ത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ലൈഫ് മിഷൻ മുഖേന ഏറ്റെടുത്തിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായ ത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചാ യത്തിന്റെ സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചാ യത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമായി 100 വീടുകൾ, ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക് 318-എ എന്ന സംഘടന സൗജന്യമായി നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. |
| (സി) | ഭൂരഹിത ഭവനരഹിതർക്കായി ലൈഫ് പദ്ധതി മുഖേന നാളിതുവരെ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയങ്ങളുടെ എണ്ണവും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; | (സി) | ലൈഫ് ഗുണഭോക്താക്കൾക്കായി ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ മുഖേനയും പാർട്ട്ണർഷിപ്പിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ സംഘടനകൾ മുഖേനയും നിർമ്മാണം പൂർത്തീകരിച്ച ഭവനസമുച്ചയങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന നിലവിൽ എവിടെയെല്ലാമാണ് ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരുന്നതെന്നും അവയുടെ നിർമ്മാണപുരോഗതിയും വെളിപ്പെടുത്തുമോ? | (ഡി) | വിശദാംശം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| നം | ജില്ല | പഞ്ചായത്ത്/മുൻസിപ്പാലിറ്റി | യൂണിറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | വെങ്ങാനൂർ | 21 |
| | | കോർപ്പറേഷൻ | 7 |
| 2 | കൊല്ലം | പുനലൂർ മുൻസിപ്പാലിറ്റി | 44 |
| 3 | കോട്ടയം | വിജ.യപുരം പഞ്ചായത്ത് | 44 |
| 4. | ഇടുക്കി | അടിമാലി പഞ്ചായത്ത് | 217 |
| | | കരിമണ്ണൂർ | 42 |
| 5 | എറണാകുളം | GCDA കോർപ്പറേഷൻ | 83 |
| | | അങ്കമാലി മുൻസിപ്പാലിറ്റി | 12 |
| | | കീഴ്മാട് പഞ്ചായത്ത് | 12 |
| 6 | തൃശ്ശൂർ | പഴയന്നൂർ പഞ്ചായത്ത് | 35 |
| 7 | മലപ്പുറം | പെരിന്തൽമണ്ണ<br>മുൻസിപ്പാലിറ്റി | 400 |
| 8 | കണ്ണൂർ | കടമ്പൂർ പഞ്ചായത്ത് | 44 |
| | | ആകെ | 961 |

**അനുബന്ധം 2**

| നം. | ജില്ല | പഞ്ചായത്ത്/മുൻസിപ്പാലിറ്റി | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1 | കാസറഗോഡ് | ചെമ്മനാട് | 85 %നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | കണ്ണൂർ | കണ്ണപുരം | 50% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | | ആന്തൂർ | 22% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 4. | | പയ്യന്നൂർ | 9% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 5 | | ചിറയ്ക്കൽ | 4% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 6 | കോഴിക്കോട് | ചാത്തമംഗലം | 36%നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 7 | | നടുവണ്ണൂർ | 5% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 8 | മലപ്പുറം | ആലങ്കോട് | 20% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 9 | പാലക്കാട് | ചിറ്റൂർ- തത്തമംഗലം | 65% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 10 | | കണ്ണാടി | 45% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 11 | തൃശ്ശൂർ | കാറളം | 15% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 12 | എറണാകുളം | അയ്യംപുഴ | 20% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 13 | ഇടുക്കി | കട്ടപ്പന | 36% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 14 | | വാത്തിക്കുടി | 15% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 15 | | കാഞ്ചിയാർ | 6% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 16 | കോട്ടയം | തലയോലപ്പറമ്പ് | 9% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 17 | ആലപ്പുഴ | മണ്ണഞ്ചേരി | 21% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 18 | പത്തനംതിട്ട | പന്തളം | 26% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 19 | | ഏനാത്ത് | 30% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 20 | കൊല്ലം | അഞ്ചൽ | 55% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 21 | തിരുവനന്തപുരം | മടവൂർ | 10 % നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് |
| 22 | എറണാകുളം | നെല്ലിക്കുഴി (പാർട്ട്ണർഷിപ്പ്) | നിർമ്മാണം ആരംഭിച്ചു |
| 23 | തിരുവനന്തപുരം | പൂവച്ചൽ | 24.99 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നിർമ്മാണത്തിന്റെ structural design പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് തയ്യാറാക്കി .തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ പരിശോധനയ്ക്കായി നൽകിയിരിക്കുകയാണ്. |